**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2056** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സേവനങ്ങൾ വേഗത്തിലും സുതാര്യമായും നടപ്പിലാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം ഇപ്പോൾ എത്ര വകുപ്പിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | നിലവിൽ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും, എല്ലാ കളക്ടറേറ്റുകളിലും, റവന്യു സബ് ഡിവിഷൻ ഓഫീസുകളിലും, താലൂക്ക് ഓഫീസുകളിലും, വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ, 79 ഡയറക്ടറേറ്റ്/കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. ആയതിൽ 43 ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഡയറക്ടറേറ്റിൽ നിന്നും സെക്രട്ടേറിയറ്റിലേക്ക് ഇ-ഓഫീസ് മുഖേന ഫയലുകൾ അയയ്ക്കുന്നതിന് ഇപ്പോൾ സാധ്യമാണോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് ഇത് സാധ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ഡയറക്ടറേറ്റിൽ നിന്നും സെക്രട്ടേറിയറ്റിലേക്ക് ഇ-ഓഫീസ് മുഖേന ഫയലുകൾ അയയ്ക്കേണ്ടുന്ന സാഹചര്യം നിലവിലില്ല. എന്നാൽ, ഡയറക്ടറേറ്റുകളിൽ നിന്നും ഇ ഓഫീസ് സംവിധാനം ഉപയോഗിച്ച് തയ്യാറാക്കുന്ന കത്തുകളും മറ്റ് രേഖകളും സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലെയും സെൻട്രൽ രജിസ്ട്രി യൂണിറ്റ് (CRU) മുഖേന തപാൽ ആയി ഇ-ഓഫീസിൽ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ